"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. ഡിഎ1/295/2023-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 04-11-2023

## <u>സർക്കുലർ</u>

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - പ്രവർത്തനം ഇല്ലാത്ത പകൽവീടുകൾ/വൃദ്ധജന പരിപാലന കേന്ദ്രങ്ങളിൽ കെയർടേക്കർമാരെ നിയോഗിക്കുന്നത് ഒഴിവാക്കുന്നതും പദ്ധതി രൂപീകരണത്തിൽ ദുർബല വിഭാഗങ്ങൾക്ക് മുൻഗണന നൽകുന്നതും - സംബന്ധിച്ച്.

സൂചന:-
1. സ.ഉ.(കൈ) നം.115/2022/തസ്വഭവ, തീയതി 28.05.2022
2. കാസർഗോഡ് ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകൾ നടപ്പിലാക്കുന്ന വികസന പദ്ധതികളിലെ അപാകതകൾ സംബന്ധിച്ച ധനകാര്യ പരിശോധന വിഭാഗത്തിന്റെ പരിശോധന റിപ്പോർട്ടിലെ ശിപാർശകൾ

**********************

തദ്ദേശ ഭരണസ്ഥാപനങ്ങൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതിയും പ്രോജക്ടുകളും തയ്യാറാക്കുമ്പോൾ അനുവർത്തിക്കേണ്ട സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച സൂചിത മാർഗരേഖ ഖണ്ഡിക 7.1.14 അനുസരിച്ച്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വയോജന സൗഹൃദ പരിപാടികളുടെ ഭാഗമായി പകൽ വീടുകളുടെയും വയോജന പരിപാലന കേന്ദ്രങ്ങളുടെയും നടത്തിപ്പിനായി ജീവനക്കാരെ നിയോഗിക്കാനും അവർക്ക് പ്രതിമാസം 7000 രൂപയിൽ അധികരിക്കാതെ വേതനം നൽകുന്നതിനും അനുമതി നൽകിയിട്ടുണ്ട്.

സൂചന (2 ) ലെ കാസർഗോഡ് ജില്ലയിൽ ബ്ലോക്കുകളിൽ ധനകാര്യ പരിശോധനാ സ്ക്വാഡ് നടത്തിയ പരിശോധനയിൽ ബ്ലോക്കുകളിൽ പദ്ധതിയിൽ ഉൾപ്പെടുത്തി ഹോണറേറിയം അടിസ്ഥാനത്തിൽ കെയർടേക്കർ സഹായികളെ താത്കാലികമായി നിയമിക്കപ്പെട്ട പകൽ പരിപാലന കേന്ദ്രങ്ങൾ പ്രവർത്തിക്കാതെ അടച്ചിട്ടിരിക്കുന്നതായി റിപ്പോർട്ട് ചെയ്യുകയും കെയർ ടേക്കർമാരുടെ സേവനം ആവശ്യമെങ്കിൽ മാത്രം ലഭ്യമാക്കേണ്ടതാണ് എന്നും , ഇപ്രകാരമുള്ള പകൽ വീട്/ പകൽപരിപാലനകേന്ദ്രങ്ങളിൽ നടത്തിയ കെയർടേക്കർ നിയമനങ്ങൾ അടിയന്തിരമായി നിർത്തലാക്കാനും മേല്നോട്ടച്ചുമതല അതാതു വാർഡ് മെമ്പർമാർക്കോ /ഗ്രാമപഞ്ചായത് അധികൃതർക്കോ കൈമാറുന്നതിനും നിർദേശിച്ചിട്ടുണ്ട് .ആയതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനം ഇല്ലാത്ത പകൽവീടുകൾ/ വൃദ്ധജന പരിപാലന കേന്ദ്രങ്ങളിൽ കെയർടേക്കർമാരെ നിയോഗിച്ച് വേതനം നൽകുന്നുണ്ടെങ്കിൽ അപ്രകാരം അവർക്ക് വേതനം നൽകുന്നത് അവസാനിപ്പിക്കേണ്ടതാണ്. പ്രവർത്തനം ഇല്ലാത്ത കാലയളവിൽ നൽകിയ വേതനം ബന്ധപ്പെട്ടവരിൽ നിന്നും

ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

പദ്ധതി ആസൂത്രണ മാർഗ്ഗരേഖകൾ പ്രകാരം ദുർബല വിഭാഗത്തിൽ പെട്ടവർക്കും പട്ടിക വിഭാഗത്തിൽപ്പെട്ടവർ, വിധവകൾ, വയോധികർ, കിടപ്പ് രോഗികൾ എന്നിങ്ങനെ എല്ലാവർക്കും ഉപകാരപ്പെടുന്ന രീതിയിൽ പദ്ധതികൾ ഏറ്റെടുക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇത് പ്രകാരവും, നീണ്ട നാൾ ( കുറഞ്ഞത് അഞ്ചു വർഷക്കാലമെങ്കിലും )ജനങ്ങൾക്ക് ഉപയോഗപ്രദമാകുന്ന പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കുന്നതിനും ,ജനങ്ങൾക്ക് പദ്ധതി കൊണ്ടുള്ള പ്രയോജനം അപഗ്രഥിച്ച് നടപ്പാക്കുന്നതിനും തദ്ദേശ ഭരണ സ്ഥാപനങ്ങൾ ശ്രദ്ധ ചെലുത്തേണ്ടതാണ്. ഇപ്രകാരമുള്ള പദ്ധതികൾ തദ്ദേശ സ്ഥാപനങ്ങൾ രൂപീകരിക്കുന്നത് ജില്ലാ ആസൂത്രണ സമിതികൾ നിരീക്ഷിക്കേണ്ടതും മേൽ വിഷയത്തിൽ പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പ്രകാരം നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾ പാലിക്കുന്നുണ്ടെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർമാർ/ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തേണ്ടതുമാണ്.

ലീന എൻ പി

ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്
9. ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ്
10. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
11. ചീഫ് ടൗൺ പ്ലാനർ
12. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
13. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
14. എല്ലാ ജില്ലാ കളക്ടർമാർക്കും
15. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
16. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
17. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
18. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
19. ഡയറക്ടർ ജനറൽ, കില
20. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
21. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
22. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
23. ധനകാര്യ (ഇൻസ്പെക്ഷൻ വിംഗ്) വകുപ്പ്
24. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Viraj K

Date: 04-11-2023 17:34:15

സെക്ഷൻ ഓഫീസർ.